# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 485
### (04.02.2020-ലെ മറുപടിക്ക്)

**പയ്യനാമൺ-കുപ്പക്കര, തണ്ണിത്തോട് മൂഴി - കരുമാൻതോട് എന്നീ റോഡുകളുടെ പണിക്ക് ഭരണാനുമതി**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ.യു.ജനീഷ് കുമാർ (ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന പയ്യനാമൺ-കുപ്പക്കര, തണ്ണിത്തോട് മൂഴി-കരുമാൻതോട് എന്നീ റോഡുകളുടെ പണിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | നടപ്പ് സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിലെ ഒരു പ്രവൃത്തിക്കാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി വരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കോന്നി നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പാറ – കിഴക്കുപുറം - വടക്കുപുറം - വെട്ടൂർ റോഡ് (Ch 1/600 to 5/900) പുനരുദ്ധാരണത്തിന് 600 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും അനുവദിച്ചിട്ടുണ്ട്. ആയതിനാൽ പയ്യനാമൺ-കുപ്പക്കര, തണ്ണിത്തോട് മൂഴി-കരുമാൻതോട് എന്ന പ്രവൃത്തി പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | എങ്കിൽ എന്നാണ് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതെന്ന് അറിയിക്കാമോ; | |
| (സി) | ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ